**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 183** **22-07-2021 - ൽ മറുപടിയ്ക്ക്**

**ക്വാറി മാഫിയയ്ക്ക് എതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ ഗ്യാപ്പ് റോഡിൽ നിന്നും 30 കോടിയിലധികം രൂപയുടെ പാറ അനധികൃതമായി പൊട്ടിച്ച് മാറ്റിയ ക്വാറി മാഫിയക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മൂന്നാർ ഗ്യാപ്പ് റോഡിൽ നിന്നും അനധികൃതമായി 44747.52 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്തതായി തഹസീൽദാർ 2018 ൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം റോയൽറ്റിയും വിലയും ഈടാക്കുന്നതിന് കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും 80,54,554/- രൂപ ഈടാക്കിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് വീണ്ടും അനധികൃത ഖനനം നടക്കുന്നതായുള്ള 25/6/2021 ലെ ദേവികുളം സബ്കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോയൽറ്റിയും വിലയും ചട്ടപ്രകാരം നിശ്ചയിച്ച് കൊടുത്തിട്ടുള്ളതും അനധികൃത ഖനനം നടത്തിയ കോൺട്രാക്ടർക്ക് ഷോ കോസ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | 30 കോടിയിലധികം രൂപയുടെ പാറ പൊട്ടിച്ച് കടത്തിയവരിൽ നിന്നും വെറും നാലര കോടി രൂപ നഷ്ടപരിഹാരം ഈടാക്കിയാൽ മതി എന്ന രീതിയിൽ ജിയോളജി വകുപ്പ് റിപ്പോർട്ട് നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | 25/6/2021 ലെ സബ്കളക്ടറുടെ കത്ത് പ്രകാരം 251289.33 M3 (628223.33 MT) കരിങ്കല്ലാണ് അനധികൃതമായി നീക്കം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുള്ളത്. 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റിയും വിലയുമാണ് (റോയൽറ്റിയുടെ രണ്ട് ഇരട്ടി) പെനാലിറ്റിയായി ഈടാക്കുവാൻ സാധിക്കുന്നത്. ആകയാൽ റോയൽറ്റി ഇനത്തിൽ 1,50,77,360/- രൂപയും വിലയായി 3,01,54,720/- രൂപയും ചേർത്ത് 4,52,32,080/- രൂപയാണ് ഈടാക്കുവാൻ സാധിക്കുന്നത്. സർക്കാർ ഭൂമിയിൽ ഖനനം നടത്തിയതിന് ആയതിന്റെ പെനാലിറ്റി തുക റവന്യൂ വകുപ്പ് നിശ്ചയിച്ച് ഈടാക്കേണ്ടതുണ്ട്. |
| (സി) | ഈ ഭാഗത്ത് റോഡിൽ നിന്നും എത്ര മീറ്റർ ദൂരം വരെയുള്ള പാറപൊട്ടിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത് ; നിലവിൽ എത്ര മീറ്റർ ദൂരം വരെ | (സി) | പരാമർശിത സ്ഥലത്ത് പാറ പൊട്ടിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകിയിട്ടില്ല. 25/06/2021 ലെ ദേവികുളം ജില്ലാ കളക്ടറുടെ കത്ത് പ്രകാരം 2.5 കി.മീ. ദൂരം അനുമതി |

| | | | |
|---|---|---|---|
| | പാറ അധികമായി പൊട്ടിച്ചു മാറ്റിയിട്ടുണ്ടെന്നു അറിയിക്കുമോ; | | നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുമതി നൽകിയ സ്ഥലത്തു നിന്നും 251289.33 M3 (628223.33 MT) പാറ അധികമായി പൊട്ടിച്ചതായാണ് അറിയിച്ചിട്ടുള്ളത്. |
| (ഡി) | പിഴയായി കുറഞ്ഞ തുക ഈടാക്കുന്നതിലൂടെ സർക്കാരിന് കോടികൾ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് ഒഴിവാക്കി മുഴുവൻ തുകയും പിഴയായി ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | അനധികൃത ഖനനത്തിന് 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരമാണ് പെനാൽറ്റി കണക്കാക്കുന്നത്. സർക്കാർ ഭൂമിയിൽ നിന്നും അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിന്റെ സീനിയറേജ് ഈടാക്കേണ്ടത് റവന്യൂ വകുപ്പായതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | അനധികൃതമായി പാറഖനനം നടന്ന സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | അനധികൃതമായി പാറ ഖനനം ചെയ്ത സംഭവത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അനധികൃത ഖനനം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചപ്പോൾ തന്നെ ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ